


# അക്കാദമിക മാസ്റ്റർ പ്ലാൻ

## സെന്റ് മേരീസ് LPS, മണലാടി

2025- 2026



## SCHOOL DETAILS

| | | |
|---|---|---|
| Revenue District | : | Alappuzha |
| School Code | : | 4641 |
| School Name | : | St. Mary's LPS Manalady |
| Address | : | Ramankary P.O<br>Alappuzha |
| PIN | : | 689595 |
| Phone No | : | 9495321542 |
| E mail ID | : | stmaryslpsmanalady@gmail.com |
| Grama Panchayat | : | Ramankary |
| Sub District | : | Veliyanadu |
| Classes | : | I to IV |
| Management | : | Corporate Management of Schools<br>Chamganacherry |

## ആമുഖം

മണലാടി എന്ന കൊച്ചുഗ്രാമത്തിന്റെ തിലകക്കുറിയായി നിലകൊള്ളുന്ന ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റിക്കൊണ്ട് മികവുറ്റ ഈ വിദ്യാലയത്തിന്റെ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി നന്മ നിറഞ്ഞ ശാന്ത സുന്ദരമായ ഈ ഗ്രാമത്തിലെ മുഴുവൻ കുട്ടികളേയും ഈ വിദ്യാലയത്തിലെത്തിക്കുക എന്ന പ്രതീക്ഷഉൾക്കൊള്ളുന്നതാണ്. 2025-2026 വർഷത്തെ ഞങ്ങളുടെ അക്കാദമിക മാസ്റ്റർ പ്ലാൻ. ഈ പദ്ധതി വിജയപ്രദമാക്കുവാൻ വിപുലമായ കർമ്മ പദ്ധതികളാണ് ഞങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി പി റ്റി എ പൂർവ്വ വിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ, മാനേജ്മെന്റ് എന്നിവരുടെ സഹായത്തോടെ ശ്രമങ്ങൾ ആരംഭിച്ച്കഴിഞ്ഞു

## പൊതുവായ ലക്ഷ്യങ്ങൾ

★ പഠന വിഷയങ്ങളിലൽ ആശയദൃഢത ഉണ്ടാവണം കണക്ക്, ഇംഗ്ലീഷ്, സയൻസ്, ഐ ടി, മാതൃഭാഷ എന്നീ വിഷയങ്ങളിൽ ധാരണയും കഴിവും നേടണം.

★ പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആർജവവും നേടണം

★ പഠ്യേതര വിഷയങ്ങളിൽ മികവ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക

★ പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി അവരെ മുഖ്യധാരയിലെത്തിക്കുക.

★ പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി പൊതു സമൂഹത്തിന്റെ ശക്തമായ പിൻതുണയോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

★ 1 മുതൽ 4 വരെ പഠിക്കുന്ന കുട്ടികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണകളും കഴിവുകളും ഉള്ളവരായി വളർത്തുക

★ ആരോഗ്യവും മൂല്യബോധവും നന്മയെ മുറുകെപിടിക്കുകയും ചെയ്യുന്ന പുതിയ തലമുറയെ വളർത്തിയെടുക്കുക

## സ്കൂളിന്റെ ചരിത്രം

രാമങ്കരി പഞ്ചായത്തിലെ 2-ാം വാർഡിൽ പമ്പയാറിനു സമീപത്തായി സെന്റ് മേരീസ് ദേവാലയത്തോട് ചേർന്ന് ഈ സ്കൂൾ സ്ഥിതിചെയ്യുന്നു.

ഈ പ്രദേശത്തെ കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിനായി ആശ്രയിച്ചിരുന്നത് 3 Km അകലെയുള്ള സ്കൂളുകളെയാണ്. കുട്ടികളുടെ ഈ യാത്രാക്ലേശം പരിഹരിക്കുന്നതിനായി മണലാടി സെന്റ്മേരീസ് പള്ളിയുടെ സ്ഥലത്ത് ഇടവക്കാർ നിർമ്മിച്ചു നൽകിയ സ്ഥലത്ത് ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ഈ നാട്ടിലെ നല്ലവരായ ജനങ്ങളുടെ നീണ്ടകാലത്തെ ശ്രമവും അന്നത്തെ MLA ആയിരുന്ന Dr. K.C Joseph ന്റെ സ്തുത്യർഹമായ പ്രവർത്തനങ്ങളുംകൊണ്ട് 1983 ജൂലൈ മാസത്തിൽ (1983-84 അദ്ധ്യയന വർഷം) ഈ സ്കൂളിന് ഗവൺമെന്റിന്റെ അനുമതി ലഭിക്കുകയുണ്ടായി. ആ വർഷം ഒന്നാം ക്ലാസിൽ 37 വിദ്യാർത്ഥികളുമായി ശ്രീമതി അന്നമ്മ P.J യുടെ നേതൃത്വത്തിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 1984-85 വർഷത്തിൽ 2-ാം ക്ലാസും 1985-86 വർഷത്തിൽ 3-ാം ക്ലാസും 1986-87 വർഷത്തിൽ 4-ാം ക്ലാസും രൂപീകരിക്കപ്പെട്ടു. ആരംഭം മുതൽ തന്നെ ഈ സ്കൂൾ ചങ്ങനാശ്ശേരി കോർപറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

1982 ൽ സ്കൂളിനോട് ചേർന്ന് 2 ക്ലാസ്മുറികൾകൂടി Rev. Fr. Joseph Constantine CMI നിർമ്മിച്ചു നൽകി. 2008-2009 വർഷത്തിൽ ഈ സ്കൂളിന്റെ രജത ജൂബിലി സമുചിതമായി ആഘോഷിച്ചു. തദ്ദവസരത്തിൽ ബഹു. കുട്ടനാട് MLA ശ്രീ. തോമസ് ചാണ്ടി 2013-2014 വർഷത്തെ പ്രാദേശിക ഫണ്ടിൽ നിന്നും സ്കൂളിന് മെച്ചപ്പെട്ട ഒരു പാചകപ്പുര നിർമ്മിച്ചു നൽകിയും 2015 ൽ സ്കൂൾ മാനേജർ അതിനോട് ചേർന്ന് ഒരു Mess Hal നിർമ്മിച്ചു നൽകുകയും ചെയ്തു. കാലാകാലങ്ങളിൽ മാനേജ്മെന്റും നാട്ടുകാരും സ്കൂളിന്റെ വികസന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ട് പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പ് ഉറപ്പ് വരുത്തുന്നു.

## കാഴ്ചപ്പാട്

വിദ്യാലയം മികവിന്റെ കേന്ദ്രമായിരിക്കണം. വിദ്യാലയത്തിലൂടെ പ്രത്യേകിച്ച് ഒരുവന്റെ പ്രൈമറി വിദ്യാഭ്യാസകാലയളവാണ്. അവന്റെ സമഗ്ര

വികാസത്തിന് അടിസ്ഥാനമിടുന്നത്. വിദ്യാഭ്യാസവും മൂല്യബോധവും ധാർമ്മികതയും ഒത്തുചേർന്ന ഒരു സമൂഹമാണ് നാടിനെ ഉയർച്ചയിലേയ്ക്ക് നയിക്കുന്നത്. മികവുകളിൽ പ്രാധാന്യമേറിയത് അക്കാദമിക മികവുതന്നെ. ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് കുട്ടികൾ ആർജ്ജിക്കണം. ആശയഗ്രഹണത്തോടെ കേൾക്കുവാനും വായിക്കുവാനും ഒഴുക്കോടെ സംസാരിക്കുവാനും തെറ്റുകൂടാതെ എഴുതുവാനുമുള്ള കഴിവ് ഉണ്ടാകണം. ഇതിന് സഹായകമായ സാഹചര്യങ്ങൾ കുട്ടികൾക്ക് ലഭിക്കണം.

കുട്ടികൾക്ക് ആകർഷകമായ വിധത്തിൽ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കണം. വിദ്യാലയം തന്നെ പഠനോപകരണം ആകണം.

മൂല്യബോധമുള്ള കുട്ടികളെ വാർത്തെടുക്കണമെങ്കിൽ അവനെ സാമൂഹികാവബോധമുള്ളവനായി വളർത്തണം. നന്മ തിന്മകളെ വിവേചിച്ച് അറിയാൻ പറ്റണം. ഇതിന്റെ ആദ്യ നടപടി കുട്ടിയെ അറിയുക എന്നതാണ്. ആയതിനാൽ അതിനാവശ്യമായ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ മണലാടി St. Mary's LPS ന്റെ അടുത്ത 5 വർഷത്തേയ്ക്കുള്ള പ്രവർത്തനങ്ങൾ വ്യക്തമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ PTA, APTA സ്കൂൾ മാനേജ്മെന്റ് അദ്ധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ കൂട്ടായ സഹകരണം ഉറപ്പുവരുത്തി.

## അവസ്ഥാ വിശകലനം

കുട്ടികളുടെ എണ്ണം ഓരോ വർഷവും കുറയുന്നു. ഇതു പക്ഷേ വിദ്യാലയം മികവിന്റെ കേന്ദ്രം അല്ലാത്തതിനാലല്ല. മറിച്ച് Un Aided സ്കൂളുകളോടുള്ള രക്ഷാകർത്താക്കളുടെ അമിത താല്പര്യം 2018 മഹാ പ്രളയത്തിനു ശേഷം മണലാടി ഗ്രാമത്തിൽ നിന്നും കിഴക്കൻ പ്രദേശങ്ങളിലേയ്ക്കുള്ള പ്രദേശവാസികളുടെ കുടിയേറ്റം, സ്കൂൾ വാഹനത്തിന്റെ അപര്യാപ്തത എന്നവയൊക്കെ ഇതിന് കാരണമാകുന്നു. എന്നാൽ സാധാരണക്കാരും കൂലിപ്പണിക്കാരുടെ മക്കളുമാണ് ഈ സ്കൂളിലെ പഠിതാക്കളിലധികവും കുട്ടികളെ പഠന പ്രവർത്തനങ്ങളിൽ സഹായിക്കാൻ പോലും പ്രയാസപ്പെടുന്നവരാണവർ.

ആയതിനാൽ ഈ ഗ്രാമത്തിലെ മുഴുവൻ കുട്ടികളേയും ഇങ്ങോട്ടേയ്ക്ക് ആകർഷിക്കുക എന്നതാണ് ഞങ്ങളുടെ പ്രഥമവും പ്രാധാന്യമേറിയതുമായ ദൗത്യം. ആയതിലേയ്ക്കായി വിവിധങ്ങളായ പ്രവർത്തന പദ്ധതികളാണ് ഞങ്ങൾ ആവിഷ്ക്കരിച്ചിരിക്കുന്നത്.

## നിലവിലുള്ള പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്കൊപ്പം 2025-2026 അദ്ധ്യയന വർഷം ഞങ്ങൾ നടത്തുന്ന Special Activities താഴെ ചേർക്കുന്നു

★ വായനാക്കൂട്ടം

★ പ്രകൃതിക്കൊപ്പം:- Eco - Friendly School, Eco Park നിർമ്മാണം

★ അക്ഷരമുറ്റം :- Intensive Teaching for slow learners

★ ഗുരുവന്ദനം

★ പൊന്നോണം 2015

★ Red Rose - (ബാലകലോത്സവം )

★ സാന്ത്വനം - 2025

★ രുചിക്കൂട്ട് (Frood Fest)

★ കുട്ടിയെ അറിയാൻ (ഭവന സന്ദർശന പരിപാടി)

★ ലയം (പഠനോത്സവം)

★ നിറക്കൂട്ട് - (Annual Day )

## വിഷയ മേഖല - പ്രവർത്തനങ്ങൾ

മേഖല - അക്കാദമികം

ഭാഷ

ഭാഷാകേളികൾ - ➔ പദകേളി കഥ പൂർത്തിയാക്കൽ പദച്ചങ്ങല

അസംബ്ലി ➔ പ്രസംഗം, പത്രവായന, വായനാക്കുറിപ്പ്, കടങ്കഥ

പഠനക്കൂട്ടം ➔ സമർത്ഥരായ കുട്ടികളുടെ സഹായത്തോടെ പിന്നോക്കം നിൽക്കുന്ന കുട്ടികളും വായനയിൽ പങ്കുചേരുന്നു.

ഗണിതം

ഗണിത ലാബ്:- 1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് ഗണിത പഠനം അനായാസകരവും രസകരവുമാക്കാൻ ഉതകുന്ന എല്ലാത്തരം

എല്ലാത്തരം സാമഗ്രികളും അടങ്ങുന്ന ഗണിതകിറ്റ് ഇതിനായി ഒരു പ്രത്യേക സ്ഥലം അനുവദിച്ച് നൽകിയിരിക്കുന്നു.

ഗണിതകേളി ➔ ആഴ്ചയിലൊരിക്കൽ സംഘടിപ്പിക്കൽ ഗണിത ശാസ്ത്ര മേളയിൽ എല്ലാ ഇനത്തിലും കുട്ടികളെ പങ്കെടുപ്പിക്കൽ

ശാസ്ത്രം

പരീക്ഷണമൂല

നിരീക്ഷണക്കുറിപ്പ്

ഫീൽഡ് ട്രിപ്പ്

പഠനയാത്ര

ഉപജില്ലാ ശാസ്ത്രമേളയിൽ എല്ലാ ഇനങ്ങളിലും പങ്കെടുപ്പിക്കൽ

ഐ സി റ്റി

ഓരോ ക്ലാസിലും വിവര സാങ്കേതിക വിദ്യ പരമാവധി പ്രയോജന പ്പെടുത്തിക്കൊണ്ടുള്ള പഠന ➔ Smart Room മെച്ചപ്പെടുത്തൽ

കലാ കായികം

ശാരീരിക ക്ഷമത കൈവരിക്കുന്നതിനായി എല്ലാ ദിവസവും കായിക പരിശീലനവും ഉപജില്ലാ കായിക മേളയിൽ എല്ലാ ഇനത്തിലും പങ്കെടുപ്പി ക്കുക.

➔ കളി ഉപകരണങ്ങൾ വാങ്ങാൻ ഫണ്ട് ലഭ്യമാക്കൽ

മേഖല - സാമൂഹികം

മണലാടി ഗ്രാമത്തിലുള്ള മുഴുവൻ കുട്ടികളേയും St. Mary's LPS മണലാടിയിലേയ്ക്ക് പ്രവേശിപ്പിക്കത്തക്കവിധം ഗ്രാമവാസികൾക്ക് School ഒരു വികാരമായി മാറത്തക്കവിധം സ്കൂളിനെ സാമൂഹ്യവൽക്കരിക്കുക എന്ന ലക്ഷ്യമാണ് ഞങ്ങൾക്കുള്ളത്. അതിനായി താഴെപ്പറയും വിധം പദ്ധ തികൾ ആവിഷ്കരിക്കുന്നു.

- ✧ അവധിക്കാല ഭവന സന്ദർശനം
- ✧ പ്രവേശനോത്സവത്തിന് മുന്നോടിയായി Executive meeting, PTA മീറ്റിംഗ് എന്നിവയിലൂടെ സ്കൂൾ ആരംഭം കുറിക്കൽ
- ✧ ആദ്യ ദിനം തന്നെ പി റ്റി എ ജനറൽ ബോഡി

- ✧ ബോധവൽക്കരണ ക്ലാസുകൾ
- ✧ എല്ലാ മാസവും Class PTA കൾ
- ✧ സജീവമായ ക്ലാസ് ഗ്രൂപ്പുകൾ
- ✧ ഓരോ ദിവസത്തെയും പഠന പ്രവർത്തനങ്ങൾ വലയിരുത്തൽ രക്ഷിതാക്കൽക്ക് അവസരം
- ✧ പൊന്നോണം 2025 ➔ രക്ഷിതാക്കളും അദ്ധ്യാപകരും കുട്ടികളും ഒത്തുചേർന്ന ഒരു മുഴുവൻ ദിന ഓണാഘോഷ പരിപാടിയും ഓണ സദ്യയും
- ✧ കലാ കായിക ശാസ്ത്രമേളകളിൽ രക്ഷിതാക്കളുടെ സജീവ പിന്തുണ ഉറപ്പുവരുത്തൽ
- ✧ നിഥി ഫോജൻ പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ അവസരം
- ✧ PTA Executive യോഗങ്ങൾ
- ✧ PTA സഹകരണത്തോടെ ശുചിത്വ പ്രവർത്തനങ്ങൾ ആസൂത്രണം നടത്തൽ

മേഖല - ഭൗതികം

സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ച കാലഘട്ടം മുതൽ ഈ സ്കൂളിന്റെ മെച്ചപ്പെട്ട നിലവാരം ആഗ്രഹിച്ച് പ്രവർത്തിച്ചിരുന്നതിനാൽ ഉയർന്ന നില വാരമുള്ള ഭൗതിക സാഹചര്യങ്ങളാണ് ഇന്ന് നിലവിലുള്ളത്. അടുത്ത വർഷ ങ്ങളിൽ ആസൂത്രണം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ താഴെ പറയുന്ന വായാണ്.

- ✓ Eco - Park നിർമ്മാണം (പൊതു സമൂഹവുമായി ചേർന്ന് കുളം, മീൻ എന്നിവ)
- ✓ ചെടികളും പൂക്കളും നിറഞ്ഞ ഹരിത വിദ്യാലയം
- ✓ ശലഭോദ്യാനം
- ✓ സ്കൂളിന് അനുവദിച്ചിരിക്കുന്ന Toilet അല്പം ദൂരെയായതിനാൽ കുട്ടികളുടെ Urinal നോട് ചേർന്ന് Toilet നിർമ്മിക്കൽ
- ✓ Vegitable Garden
- ✓ സ്കൂൾ പെയിന്റ് ചെയ്ത് മനോഹരമാക്കൽ

- ✓ Smart Class Room
- ✓ മാലിന്യ സംസ്ക്കരണം
- ✓ സ്കൂൾ ലൈബ്രറി പരിഷ്ക്കരിക്കൽ

## മോണിറ്ററിംഗ്

വിദ്യാലയ വികസന സമിതി മൂന്ന് മാസത്തിൽ ഒരിക്കൽ ചേർന്ന് നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. ഓരോ ഘട്ടത്തിലും നടക്കുന്ന പ്രവർത്തനങ്ങളിൽ വരുന്ന മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ് പരിപാടികൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ തയ്യാറാക്കി നടപ്പിലാക്കണം. SRG, HM Monitoring എന്നിവയിലൂടെ അക്കാദമിക പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. വിദ്യാലയത്തിലെ എല്ലാ സമിതികളുടേയും ആദ്യ അജണ്ട വിദ്യാലയ പ്രവർത്തനങ്ങളിലൂടെ അവലോകനവും ആസൂത്രണവും ആയിരിക്കണം.

## ഉപസംഹാരം

മണലാടി St. Mary's LPS ന്റെ ഈ Master Palan സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ആസൂത്രണത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന് ഞങ്ങൾക്ക് ബോധ്യമുണ്ട് ഈ തിരിച്ചറിവ് പ്രാവർത്തികമാക്കുവാൻ ഈ Master Palan ൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധ്യമാകും. എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനാനുബന്ധ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പാക്കുവാൻ രക്ഷിതാക്കളുടേയും സമൂഹത്തിന്റെയും മാനേജ്മെന്റിന്റെയും പൂർവ്വ വിദ്യാർത്ഥികളുടേയും അഭ്യുദയകാംക്ഷികളുടേയും സഹായത്താൽ സാധിക്കും എന്ന ഉത്തമ വിശ്വാസം ഞങ്ങൾക്കുണ്ട്. ഈ Master Palan പ്രവർത്തിപദത്തിലെത്തുമ്പോൾ സ്കൂളിന്റെ Un economic പദവി ഇല്ലാതായി നിറയെ കുട്ടികൾ ആകർഷിക്കപ്പെടുന്ന ഒരു പുണ്യക്ഷേത്രമായി ഈ വിദ്യാലയം മാറും എന്ന് പ്രത്യാശിക്കുന്നു

✸ ശുഭം ✸